REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **23-03-2026** **സമയം** **12.30 PM**

---

## പ്രധാന വാർത്തകൾ

- **സംസ്ഥാന നിയമസഭ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പണം അവസാനിക്കാൻ മണിക്കൂറുകൾ മാത്രം. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉൾപ്പെടെ പ്രമുഖ നേതാക്കൾ പത്രിക സമർപ്പിച്ചു.**
- **നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണപ്രവർത്തനങ്ങൾ ഊർജിതമാക്കി മുന്നണികൾ. വരും ദിവസങ്ങളിൽ ദേശീയ നേതാക്കൾ പ്രചാരണത്തിനെത്തും.**
- **ജൽ ജീവൻ ദൗത്യത്തിലൂടെ 16 കോടി വീടുകളിൽ ടാപ്പ്വെള്ളമെത്തിക്കാൻ കഴിഞ്ഞതായി കേന്ദ്ര ജൽശക്തി മന്ത്രി CR പാട്ടീൽ**
- **കർണാടകയിൽ സ്വകാര്യ സ്ലീപ്പർ ബസ് അപകടത്തിൽപ്പെട്ട് നാല് മലയാളികൾ മരിച്ചു.**
- **ISL ഫുട്ബോളിൽ ഇന്ന് വൈകീട്ട് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ മുഹമ്മദൻ SC യെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിലെയും അസം, പുതുച്ചേരി എന്നിവിടങ്ങളിലെയും നിയമസഭ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പണത്തിന് സമയപരിധി വൈകിട്ട് മൂന്നിന് അവസാനിക്കും. രാവിലെ 11 മുതൽ പത്രിക സമർപ്പിക്കാം. ശനിയാഴ്ച വൈകിട്ട് വരെ 341 സ്ഥാനാർത്ഥികൾ 607 പത്രികകൾ നൽകിയിട്ടുണ്ട്. തിരുവനന്തപുരം 23, കൊല്ലം 23, പത്തനംതിട്ട 7, ആലപ്പുഴ 25, കോട്ടയം 22, ഇടുക്കി 8, എറണാകുളം 29, തൃശ്ശൂർ 43, പാലക്കാട് 35, മലപ്പുറം 30, കോഴിക്കോട് 39, വയനാട് 9, കണ്ണൂർ 33, കാസർകോഡ് 11 എന്നിങ്ങനെയാണ്

ജില്ല തിരിച്ചുള്ള കണക്ക്.  സൂക്ഷ്മ പരിശോധന നാളെയാണ്. വ്യാഴാഴ്ച വരെ പത്രിക പിൻവലിക്കാം.

പത്രികാ സമർപ്പണം ഇന്ന് അവസാനിക്കാനിരിക്കെ കഴിഞ്ഞ ദിവസങ്ങളിൽ പത്രിക നൽകാത്ത മുന്നണി സ്ഥാനാർത്ഥികളും കക്ഷി രഹിത സ്ഥാനാർത്ഥികളും ഇന്ന് നാമനിർദേശം സമർപ്പിക്കും.

കേരളത്തിലും പുതുച്ചേരിയിലും അസമിലും ഏപ്രിൽ ഒമ്പതിനും തമിഴ്നാട്ടിൽ 23നും ഒരുഘട്ടത്തിലാണ് വോട്ടെടുപ്പ്. പശ്ചിമബംഗാളിൽ 23നും 29നുമായി വോട്ടെടുപ്പ് പൂർത്തിയാകും. എല്ലായിടത്തും മെയ് നാലിന് വോട്ടെണ്ണും. സംസ്ഥാന നിയമസഭയുടെ കാലാവധി മെയ് 23നാണ് അവസാനിക്കുന്നത്.

✪✪✪

നാമനിർദ്ദേശപത്രിക സമർപ്പണത്തിന്റെ അവസാന തീയതി വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിക്കാമെങ്കിലും, 10 ദിവസം മുൻപു വരെ സമർപ്പിച്ച അപേക്ഷകളാണ് നിലവിൽ പരിശോധിച്ച് വോട്ടർപട്ടികയിൽ ചേർക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ രത്തൻ U കേൽക്കർ അറിയിച്ചു.

അപേക്ഷ സ്വീകരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ പരമാവധി 10 ദിവസമാണ് വേണ്ടത്. അതിനാൽ,  മാർച്ച് 15 വരെ അപേക്ഷ സമർപ്പിച്ചവർക്ക് മാത്രമെ  ഏപ്രിൽ ഒമ്പതിന് വോട്ട് ചെയ്യാൻ അർഹത ലഭിക്കൂ.

തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനശേഷം, പുതിയ  അപേക്ഷകൾ സ്വീകരിക്കുകയും മാർച്ച് 15 നു ശേഷം ലഭിച്ച അപേക്ഷകളിൽ നടപടി എടുക്കുകയും ചെയ്യുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ  അറിയിച്ചു.

✪✪✪

പറവൂർ മണ്ഡലത്തിൽ മത്സരിക്കുന്ന പ്രതിപക്ഷ നേതാവ് VD സതീശൻ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ചേന്ദമംഗലം കവലയിലെ രാജീവ് ഭവനിൽ നിന്ന് പ്രവർത്തകർക്കൊപ്പം പ്രകടനമായി താലൂക്ക് ഓഫീസിലെത്തിയാണ് പത്രിക നൽകിയത്.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പുകൾ പരമാവധി വോട്ടർ സൗഹൃദമാക്കാൻ നടപടികളുമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പോളിങ് സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യങ്ങളും സഹായവും ഉറപ്പാക്കണമെന്ന് കമ്മീഷൻ നിർദേശം നൽകി.

വോട്ടെടുപ്പ് ദിവസം 2,18,807 പോളിംഗ് സ്റ്റേഷനുകളിൽ ഓരോന്നിലും വോട്ടർമാർക്ക് വേണ്ട കുടിവെള്ളം, തണലത്തെ കാത്തിരിപ്പ് സ്ഥലം, ജല സൗകര്യത്തോടെ ശുചിമുറി, മതിയായ വെളിച്ചം, ഭിന്നശേഷിക്കാർക്കായി റാമ്പ് സൗകര്യം എന്നിവ ഉറപ്പാക്കണം. വോട്ടുചെയ്യാൻ വരിയിൽ കാത്തു നിൽക്കേണ്ടി വന്നാൽ വോട്ടർമാർക്ക് ഇരിക്കാൻ കഴിയുന്ന തരത്തിൽ ബെഞ്ചുകൾ ക്രമീകരിക്കാനും സിഇഒമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ മാധ്യമപ്രവർത്തകർക്കായി തയ്യാറാക്കിയ 'വോട്ടറിവ് - കേരള നിയമസഭാ തിരഞ്ഞെടുപ്പ് നാൾവഴികൾ' മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ 85 ശതമാനം പോളിംഗ് ആണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ലക്ഷ്യമിടുന്നതെന്ന് രത്തൻ യു കേൽക്കർ പറഞ്ഞു.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോസിറ്റീവ് ആയ വാർത്തകൾ ജനങ്ങളിൽ എത്തിക്കാൻ മാധ്യമപ്രവർത്തകർ ശ്രദ്ധിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരത്തെ സ്വകാര്യ ഹോട്ടലിൽ നടന്ന ചടങ്ങിൽ പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡിഷണൽ ഡയറക്ടർ ജനറൽ  വി.പളനിച്ചാമി, പി ഐ ബി ഡെപ്യൂട്ടി ഡയറക്ടർ ആതിര തമ്പി എന്നിവർ പങ്കെടുത്തു.

പുസ്തകത്തിൽ 1957 മുതൽ കേരള നിയമസഭാ തെരഞ്ഞെടുപ്പുകളുടെ ചരിത്രവും 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിലെ മണ്ഡലം തിരിച്ചുള്ള പ്രധാന വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

തിരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. ഇതിലുൾപ്പെട്ട പ്രിസൈഡിങ് ഓഫീസർമാരുടെയും ഫസ്റ്റ് പൊളിംഗ് ഓഫീസർമാരുടെയും മൈക്രോ ഒബ്സർവർമാരുടെയും  പരിശീലനം നാളെ ആരംഭിക്കും. രാവിലെയും ഉച്ചക്കുമായി രണ്ട് സെഷനുകളിലാണ് പരിശീലനം. പരീക്ഷ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് നിശ്ചിത ദിവസം പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ 24 മുതൽ 29 വരെ ഏതെങ്കിലും തിയ്യതിയിൽ  പരിശീലനം നേടാവുന്നതാണ്.

✪✪✪

പത്രികാ സമർപ്പണം പൂർത്തിയായിട്ടില്ലെങ്കിലും നിയമസഭാ  തെരഞ്ഞെടുപ്പിന്റെ പ്രചാരണപ്രവർത്തനങ്ങൾ ശക്തമായി തുടരുകയാണ്., മുഖ്യമന്ത്രി പിണറായി

വിജയൻ പങ്കെടുക്കുന്ന LDF ന്റെ പ്രചാരണ പരിപാടികൾ ഉച്ചകഴിഞ്ഞ് പത്തനംതിട്ടയിൽ നിന്നാരംഭിക്കും. പരിപാടിയ്ക്കു മുമ്പ് തിരുവല്ലയിൽ വാർത്താസമ്മേളനത്തിൽ പങ്കെടുത്ത അദ്ദേഹം, കേരളത്തെ പുരോഗതിയുടെ അടുത്തതലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് മുന്നണി തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്ന് പറഞ്ഞു.

ഏപ്രിൽ മൂന്നു വരെ 48 കേന്ദ്രങ്ങളിൽ മുഖ്യമന്ത്രി പ്രചാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

UDF ന്റെ തെരഞ്ഞെടുപ്പ് പ്രചാരണം ബുധനാഴ്ച ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ പര്യടനത്തോടെ കൂടുതൽ ശക്തമാകും. അന്ന് വൈകിട്ട് കോഴിക്കോട് ബീച്ചിൽ റാലിയും സംഘടിപ്പിച്ചിട്ടുണ്ട്.

NDA യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ദേശീയ നേതാക്കൾ കേരളത്തിലെത്തും. കേന്ദ്രമന്ത്രിമാരായ അമിത്ഷാ, നിതിൻ ഗഡ്കരി, രാജ്നാഥ് സിംഗ് എന്നിവരടക്കം പ്രമുഖർ പ്രചാരണത്തിനെത്തും.

✪✪✪

സംസ്ഥാന നിയമസഭ തെരഞ്ഞെടുപ്പിന് കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.............(വോയ്സ്)....................

പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത്.

..............(വോയ്സ്)..................

✪✪✪

ആകാശവാണിയിലും ദൂരദർശനിലും സൗജന്യ പ്രക്ഷേപണത്തിന് ദേശീയ-സംസ്ഥാന പാർട്ടികൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ ഡിജിറ്റൽ വൗച്ചറുകൾ അനുവദിച്ചു. തിരഞ്ഞെടുപ്പ് നടക്കുന്ന അഞ്ച് നിയമസഭാ തിരഞ്ഞെടുപ്പിലും സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ വോട്ടെടുപ്പിന് രണ്ട് ദിവസം മുമ്പ് വരെ ആയിരിക്കും പ്രക്ഷേപണത്തിന് അവസരം.

രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ നറുക്കെടുപ്പിലൂ ടെയാകും സമയക്രമം നിശ്ചയിക്കുക. ഓരോ പാർട്ടിയ്ക്കും ആകാശവാണിയിലും,ദൂരദർശനിലും 45 മിനിറ്റ് വീതമാണ് സമയം നൽകുന്നത്. മുൻ നിയമസഭാ തിരഞ്ഞെടുപ്പുകളിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് അധിക സമയവവും അനുവദിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ പ്രസംഗങ്ങളുടെ ലിഖിത രൂപവും റെക്കോർഡിംഗും മുൻകൂട്ടി നൽകേണ്ടതാണ്.

പാർട്ടികളുടെ പ്രക്ഷേപണത്തിന് പുറമെ, ആകാശവാണിയിലും ദൂരദർശനിലും രണ്ട് പാനൽ ചർച്ചകൾ അല്ലെങ്കിൽ സംവാദങ്ങൾ പ്രസാർ ഭാരതി കോർപ്പറേഷൻ സംഘടിപ്പിക്കും.

✪✪✪

ലോക്സഭയും രാജ്യസഭയും സ്വാതന്ത്ര്യ സമര പോരാരികളായ ഭഗത്സിംഗിനും, രാജ്ഗുരുവിനും, സുഖ്ദേവിനും രക്തസാക്ഷിത്വ ദിനത്തിൽ ശ്രദ്ധാഞ്ജലിയർപ്പിച്ചു. മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ചെറുപ്രായത്തിൽ തന്നെ അനിതര സാധാരണമായ ധീരതയും, സമരവീര്യവും കാഴ്ചവെച്ച് ജീവാർപ്പണം ചെയ്തവരാണ് അവരെന്ന് ലോക്സഭയിൽ സ്മരണാഞ്ജലിയർപ്പിച്ച സ്പീക്കർ ഓം ബിർള പറഞ്ഞു.

1931 മാർച്ച് 23 ന് രാഷ്ട്രത്തിന്റെ മോചനത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ച മൂന്ന് ധീര ദേശാഭിമാനികളും, അവരുടെ പ്രവൃത്തികൊണ്ട് ഇപ്പോഴും ജനഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുകയാണെന്ന് രാജ്യസഭാ ചെയർമാൻ CP രാധാകൃഷ്ണൻ അനുസ്മരിച്ചു.

✪✪✪

സ്വാതന്ത്ര്യ സമര സേനാനികളായ ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരുടെ രക്തസാക്ഷിത്വ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി മന്ത്രി രാജ്നാഥ് സിംഗ് എന്നിവർ ആദരാഞ്ജലി അർപ്പിച്ചു.

അവരുടെ രക്തസാക്ഷിത്വം പൗരന്മാരുടെ ഓർമ്മയിൽ മായാതെ നിൽക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. മൂന്നു പേരും ചെറുപ്പത്തിൽ തന്നെ അസാധാരണമായ ധൈര്യവും സ്വാതന്ത്ര്യത്തിന് അചഞ്ചലമായ പ്രതിബദ്ധതയും പ്രകടിപ്പിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. നീതി, ദേശസ്നേഹം, നിർഭയമായ പ്രതിരോധം എന്നീ ആദർശങ്ങൾ എണ്ണമറ്റ ഇന്ത്യക്കാരുടെ മനസ്സിനെ ജ്വലിപ്പിക്കുന്നത് തുടരുന്നുവെന്ന് അദ്ദേഹം കുറിച്ചു.

രാജ്യത്തെ മോചിപ്പിക്കാൻ ദൃഢനിശ്ചയത്തിൽ മൂവരും പ്രകടിപ്പിച്ച ധൈര്യവും, ത്യാഗവും, രക്തസാക്ഷിത്വവും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിലെ മഹത്തായ

ഒരു അധ്യായമാണെന്ന് രക്തസാക്ഷിത്വ ദിനത്തിൽ രാജ്നാഥ് സിംഗ് സാമൂഹ്യമാധ്യത്തിൽ കുറിച്ചു.

✪✪✪

ഡോ. റാം മനോഹർ ലോഹ്യയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരാഞ്ജലി അർപ്പിച്ചു. കൊളോണിയൽ ഭരണത്തിനെതിരെ ജനങ്ങളെ അണിനിരത്തുന്നതിലും 1947-ന് ശേഷം ഇന്ത്യയുടെ പുരോഗതിക്ക് സംഭാവന നൽകുന്നതിലും നിർണായക പങ്ക് വഹിച്ച ബഹുമുഖ വ്യക്തിത്വമായിരുന്നു ഡോ.റാം മനോഹർ ലോഹ്യയെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ പൊതുജന പങ്കാളിത്ത പ്രക്രിയയായ സെൻസസിന് അടുത്ത മാസം തുടക്കം കുറിക്കും.

സെൻസസിന്റെ ഒന്നാം ഘട്ടം ഹൗസ്‌ലിസ്റ്റിംഗും ഭവന സെൻസസുമാണ്. ഏപ്രിൽ മുതൽ സെപ്തംബർ വരെ കാലയളവിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും അനുയോജ്യമായ 30 ദിവസമാണ് ഇതിനായി തിരഞ്ഞെടുക്കുക.

✪✪✪

ജൽ ജീവൻ ദൗത്യത്തിലൂടെ 16 കോടി വീടുകളിൽ ടാപ്പ്‌വെള്ളമെത്തിക്കാൻ കഴിഞ്ഞതായി കേന്ദ്ര ജൽശക്തി മന്ത്രി CR പാട്ടീൽ അറിയിച്ചു. ന്യൂഡൽഹിയിൽ ലോക ജലദിന കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കോഴിക്കോട്ടു നിന്ന് ബെംഗളൂരുവിലേക്ക് പോയ സ്വകാര്യ സ്ലീപ്പർ ബസ് അപകടത്തിൽപ്പെട്ട് നാല് മലയാളികൾ മരിച്ചു. കൊയിലാണ്ടി സ്വദേശി മുഹമ്മദ് ഫർഹാൻ, മാഹി സ്വദേശി സക്കീർ, ബെംഗളൂരുവിൽ താമസിക്കുന്ന റഫീസ്, റഷീദ് എന്നിവരാണ് മരിച്ചത്.

ഇന്ന് പുലർച്ചെ 4.10 ഓടെ മൈസൂരു എക്സ്പ്രസ് ഹൈവേയിൽ മദ്ദൂരിനും ചന്നപട്ടണയ്ക്കും ഇടയിലായിരുന്നു അപകടം. 36 യാത്രക്കാരും രണ്ട് ബസ് ജീവനക്കാരുമാണ് ബസിൽ ഉണ്ടായിരുന്നത്. നിരവധി യാത്രക്കാർക്കു പരുക്കേറ്റു. ഇവരിൽ ആരുടെയും നില ഗുരുതരമല്ല.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ, മുഹമ്മദൻ SCയെ നേരിടും. കൊൽക്കത്തയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഒമാനിൽ മിന്നൽ പ്രളയത്തിൽ മരിച്ച മലയാളികളുടെ മൃതദേഹങ്ങൾ ഇന്ന് നാട്ടിലെത്തിക്കും. തൃത്താല സ്വദേശികളായ യൂസഫ്, ഷംല എന്നിവരാണ് മരിച്ചത്.

✪✪✪

സംസ്ഥാനത്ത് മിക്ക ജില്ലകളിൽ നാളെ വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪

---

*News Editor: : അനിൽ ചന്ദ്രൻ*
*News Reader സയ്യിദ് അലി ശിഹാബ്*
*News Team: ശരണ്യ രാജൻ*
*DEO: ഷീബ*